**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2468** **27-02-2023 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പ് മേഖലക്ക് ഇൻകുബേഷൻ പിന്തുണയും പ്രോത്സാഹനവും നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് മേഖലകൾക്ക് ഇൻകുബേഷൻ പിന്തുണയും പ്രോത്സാഹനവും നൽകുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ഇൻകുബേഷൻ മേഖലയ്ക്ക് സർക്കാർ സഹായം നൽകി വരുന്നുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷൻ നേരിട്ട് അഞ്ച് ഇങ്കുബേറ്ററുകൾ നടത്തി വരുന്നു. ഇത് കൂടാതെ സംസ്ഥാനത്തു പ്രവർത്തിച്ചു വരുന്ന 50 ഓളം ഇങ്കുബേറ്ററുകളുമായി സഹകരിക്കുകയും ചെയ്യുന്നുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ യുണീക് ഐഡി എല്ലാ സ്റ്റാർട്ടപ്പുകൾക്കും നൽകി വരുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്കായി വെർച്ചൽ ഇൻകുബേഷൻ പ്രോഗ്രാമും നടത്തി വരുന്നു.<br><br>വിദ്യാർത്ഥികളടക്കമുള്ള യുവസംരംഭകരുടെ നൂതനവും വ്യാപാരയോഗ്യമായ സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി ഇരുപത്തഞ്ചുലക്ഷം രൂപവരെ മൂലധനസഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറുശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ചുലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധനസഹായം ആയി നൽകി വരുന്നത്.<br><br>മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ ഉൽപ്പന്നം/ സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്ക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപവരെ നൽകുന്ന "സ്കെയിൽഅപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി നടപ്പിലാക്കി വരുന്നു. സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ സെന്റർ എല്ലവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സ്റ്റാർട്ടപ്പ് സംരഭങ്ങൾക്കെല്ലാം ആവശ്യാനുസരണം മാർഗനിർദ്ദേശങ്ങളും |

| | | | |
|---|---|---|---|
| | | | നൽകിവരുന്നു. ബിസിനസ് ഇൻകുബേഷൻ സെന്റർ, കോഴിക്കോട് മുഖേന നാളിതുവരെ 57ഓളം സ്റ്റാർട്ടപ്പ് സ്ഥാപനങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കി നൽകിയിട്ടുണ്ട് . |
| (ബി) | ഈ മേഖലയിൽ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥകളെക്കുറിച്ചുള്ള വേൾഡ് ബഞ്ച്മാർക്ക് സ്റ്റഡിയിൽ ലോകത്തെ ഏറ്റവും മികച്ച അഞ്ച് ബിസിനസ് ഇൻകുബേറ്ററുകളിൽ ഒന്നായി മാറുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സ്റ്റാർട്ടപ്പുകൾക്ക് നൽകി വരുന്ന ഇൻകുബേഷൻ പ്രോഗ്രാമിന്റെ മികവ് ആണ് വേൾഡ് ബെഞ്ച് മാർക്ക് സ്റ്റഡി അവലോകനം ചെയ്യുന്നത്. വിവിധ രാജ്യങ്ങളിലെ 109 ഓളം ഇങ്കുബേറ്ററുകളുമായി താരതമ്യം ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് മികച്ച അഞ്ച് ഇങ്കുബേറ്ററുകളിൽ ഒന്നായി സംസ്ഥാനത്തെ തെരഞ്ഞെടുത്തത്. |
| (സി) | 2015 മുതൽ ഈ മേഖലയിലുണ്ടായിട്ടുള്ള നേട്ടങ്ങൾ താരതമ്യം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (സി) | ഉണ്ട്. സ്റ്റാർട്ടപ്പുകളുടെ എണ്ണം 2015-ൽ 200 ആയിരുന്നത് നിലവിൽ 4000 ആയി വർദ്ധിച്ചിട്ടുണ്ട്. നിക്ഷേപം നാമമാത്രമായിരുന്നത് നിലവിൽ 4500 കോടി രൂപയായും തൊഴിലവസരം 40000 ആയും വർധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ